# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2240 10.10.2011 ൽ മറുപടിക്ക്

## വിദ്യാർത്ഥികൾക്കുള്ള കൺസഷൻ ടിക്കറ്റ്

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർ ത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) സർക്കാർ, സർക്കാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ വാസസ്ഥലത്തിനടുത്തുള്ള കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോയിൽ ബന്ധപ്പെട്ട പഠന സ്ഥാപനത്തിൽ നിന്നും ലഭിച്ച രേഖകളുമായി സമീപിച്ച് കൺസഷൻ ടിക്കറ്റ് കരസ്ഥമാക്കാവുന്നതാണ്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠനത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നതിന് പഠന സ്ഥാപനത്തിലെ പ്രധാന അധ്യാപകൻ പാഠ്യ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അംഗീകാര പത്രങ്ങളുടെ പകർപ്പ് സഹിതം കെ.എസ്.ആർ.ടി.സി.യുടെ മുഖ്യ കാര്യാലയത്തിൽ അപേക്ഷിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും കൺസഷൻ ടിക്കറ്റ് അനുവദിച്ച നൽകുന്നതാണ്. വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യുടെ ടൗൺ-ടു-ടൗൺ ഓർഡിനറി ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും 40 കിലോമീറ്റർ അധികരിക്കാത്ത ദൂരത്തിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഈ വർഷം വിദ്യാർത്ഥികൾക്കുള്ള കൺസഷൻ പാസ്സ് എത്രയെണ്ണം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (ബി) 1,015 എണ്ണം |
| (സി) ജില്ലയിലെ യാത്രാക്ലേശം പരിഗണിച്ച് വിദ്യാർത്ഥികൾക്കുള്ള യാത്രാപാസ്സ് ക്വാട്ട വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) പുതിയ ഓർഡിനറി സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ